*പൊതു വിദ്യാഭ്യാസ*
*ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കണ്ടറി വിഭാഗം,*
*ഹൗസിങ്ബോർഡ്ബിൽഡിം ഗ്*
*തിരുവനന്തപുരം-1*

**ICT Cell/1771/5/DGE-HSS/2020** **4th August 2020**

# സർക്കുലർ

സൂചന : GO(Rt).No. 2356/2020/GEdn dated 27/07/2020

## സ്പോർട്ട്സ് ക്വാട്ട പ്രവേശനം 2020 : നിർദേശങ്ങൾ

**സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായി സ്പോർട്ട്സ് ക്വാട്ട അഡ്മിഷൻ ഓൺലൈൻ സംവിധാനത്തിലായിരിക്കും നടപ്പിലാക്കുക.** രണ്ട് ഘട്ടങ്ങൾ ഉൾപ്പെട്ട ടി സംവിധാനത്തിലെ **ആദ്യ ഘട്ടത്തിൽ** സ്പോർട്ട്സിൽ മികവ് നേടിയ വിദ്യാർത്ഥികൾ അവരുടെ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ ജില്ലാ സ്പോർട്ട്സ് കൗൺസിലുകളിൽ ഓൺലൈനായി സ്പോർട്സ് മികവ് രജിസ്റ്റർ ചെയ്യുന്നതും അതതു ജില്ലാ സ്പോർട്ട്സ് കൗൺസിൽ അധികാരികൾ ഓരോ വിദ്യാർത്ഥിയുടേയും സ്പോർട്സ് സർട്ടിഫിക്കറ്റ് വിവരങ്ങൾ വേരിഫിക്കേഷൻ നടത്തുമ്പോൾ തന്നെ ഒരു സ്കോർ കാർഡ് ലഭിക്കുന്നതുമാണ്. **കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ മികവ് രജിസ്ട്രേഷന്റെ സമയത്ത് രജിസ്ടേഷനിൽ ഉൾകൊള്ളിക്കുന്ന സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ,സർട്ടിഫിക്കറ്റ് അനുവദിക്കപ്പെട്ട തീയതി, സർട്ടിഫിക്കറ്റ് നൽകിയ അധികാരി) ഓൺലൈൻ അപേക്ഷയിൽ ഉൾപ്പെടുത്തണം.രജിസ്ട്രേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റ് വെരിഫിക്കേഷനായി ജില്ലാ സ്പോർട്സ് കൗൺസിൽ അധികാരികൾ ആവശ്യപ്പെടുന്ന പക്ഷം ആരോഗ്യസുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച് മുൻ കൂട്ടി നിശ്ചയിക്കുന്ന സമയത്ത് നേരിട്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗമോ ലഭ്യമാക്കി വെരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ച് സ്കോർ കാർഡ് നേടേണ്ടതാണ്.** **ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്തി സ്കോർ കാർഡ് ലഭിച്ചവർക്ക് രണ്ടാം ഘട്ട അപേക്ഷാസമർപ്പണം ചെയ്യാവുന്നതാണ്.**

**രണ്ടാം ഘട്ടത്തിൽ** പ്ലസ്വൺ അഡ്മിഷന് യോഗ്യത നേടുന്ന വിദ്യാർത്ഥികൾക്ക് സ്പോർട്ട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്നതിനായി അവരുടെ അപേക്ഷ www.hscap.kerala.gov.in എന്ന വെബ്സൈറ്റിൽ **APPLY ONLINE-SPORTS** എന്ന ലിങ്കിലൂടെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ടി അപേക്ഷയിൽ വിദ്യാർത്ഥിയ്ക്ക് താൽപര്യമുള്ള സ്കൂൾ/കോഴ്സുകൾ

ഓപ്ഷനായി നൽകാവുന്നതാണ്. 2020 ആഗസ്റ്റ് 5 മുതൽ 18 വരെ സ്പോർട്ട്സ് ക്വാട്ടയിൽ മുഖ്യഘട്ടത്തിൽ അപേക്ഷിക്കുവാൻ അവസ്സരമുണ്ടായിരിക്കും. **മെരിറ്റ് ക്വാട്ടയിൽ ഏകജാലക സംവിധാനത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽപ്പോലും സ്പോർട്സ് ക്വാട്ടയിൽ പരിഗണിക്കുന്നതിനായി ഈ അവസരത്തിൽ വീണ്ടും അപേക്ഷിക്കണം.**

മുൻ കൊല്ലങ്ങളിൽ എന്ന പോലെ അപേക്ഷയുടെ പ്രിൻറൗട്ടും അനുബന്ധരേഖകളും വെരിഫിക്കേഷനായി സ്കൂളിൽ നൽകേണ്ടതില്ല. അപേക്ഷാഫീസായ 25 രൂപ പ്രവേശന സമയത്തെ ഫീസിനൊപ്പം നൽകിയാൽ മതി.

**മുഖ്യഘട്ടത്തിൽ രണ്ട് അലോട്ട്മെൻറുകളും സപ്ലിമെൻററിഘട്ടത്തിൽ ഒരു അലോട്ട്മെൻറും ഉൾപ്പെട്ടതാണ് സ്പോർട്സ് ക്വാട്ട പ്രവേശനം.**

## സ്പോർട്ട്സ് ക്വാട്ട പ്രവേശന ഷെഡ്യൂൾ

**1. മുഖ്യഘട്ടം**

| | | |
|---|---|---|
| സ്പോർട്സ് മികവ് രജിസ്ട്രഷനും വെരിഫിക്കേഷനും | : | **04/08/2020 മുതൽ 17/08/2020 വരെ** |
| ഓൺ ലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | : | **05/08/2020** |
| അപേക്ഷ സമർപ്പിക്കേണ്ട അവസ്സാന തീയതി | : | **18/08/2020** |
| സ്പോർട്ട്സ് ക്വാട്ടമുഖ്യഘട്ട ഒന്നാം അലോട്ട്മെൻറ് തീയതി | : | **24/08/2020** |
| സ്പോർട്ട്സ് ക്വാട്ടമുഖ്യഘട്ടഅവസ്സാനഅലോട്ട്മെൻറ്തീയതി | : | **07/09/2020** |

**2.സപ്ലിമെൻററി ഘട്ടം**

| | | |
|---|---|---|
| സ്പോർട്സ് മികവ് രജിസ്ട്രഷനും വെരിഫിക്കേഷനും | : | 15/09/2020 മുതൽ 17/09/2020 |
| ഓൺ ലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | : | **16/09/2020** |
| അപേക്ഷ സമർപ്പിക്കേണ്ട അവസ്സാന തീയതി | : | **17/09/2020** |
| സ്പോർട്ട്സ് ക്വാട്ടസപ്ലിമെൻററിഅലോട്ട്മെൻറ് തീയതി | : | **18/09/2020** |
| സ്പോർട്ട്സ് ക്വാട്ടഅവസ്സാനപ്രവേശന തീയതി | : | **22/09/2020** |

**പൊതുവിദ്യാഭ്യാസഡയറക്ടർ**